706
911/18

കേരള സർക്കാർ

സംഗ്രഹം

മലയാറ്റൂർ ഡിവിഷനിലെ കാലടി റെയിഞ്ചിൽപ്പെട്ട 1952 കാരക്കാട് തേക്ക് തോട്ടത്തിന്റെ ഫൈനൽ ഫെല്ലിംഗ് കരാർ കാലാവധി ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (ബി) വകുപ്പ്

G.O.(Rt) No. 12/2018/F&WLD തീയതി, തിരുവനന്തപുരം, 06/01/2018

---

പരാമർശം:- 1) അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റീജിയണൽ നോർത്ത്) കോഴിക്കോടിന്റെ 18.11.2017 തീയതിയിലെ ബി1-2125/2016 നമ്പർ കത്ത്.

2) പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) ന്റെ 14.12.2017 തീയതിയിലെ പ്രൊ(5)-60386/17 നമ്പർ കത്ത്.

ഉത്തരവ്

മലയാറ്റൂർ ഡിവിഷനിലെ കാലടി റെയിഞ്ചിൽപ്പെട്ട 1952 കാരക്കാട് തേക്ക് തോട്ടത്തിലെ കലാശമുറി ജോലികൾക്കുള്ള ഇ-ടെണ്ടർ ശ്രീ.ബേബി ജോസഫ്, തയ്യിൽ വീട്, തീക്കോയി, കോട്ടയം പി.ഒ എന്ന കരാറുകാരന്റെ പേരിൽ സ്ഥിരീകരിച്ച് തൃശ്ശൂർ സെൻട്രൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഉത്തരവായിരുന്നു.

2) കാലടി മേഖലയിലെ തൊഴിലാളി യൂണിയനുകളുടെ കൂലിത്തർക്കവും കേന്ദ്രസർക്കാരിന്റെ നോട്ട് നിരോധനം മൂലമുള്ള സാമ്പത്തിക പ്രതിസന്ധിയും കാരണം കരാറുകാരന് ഫൈനൽ ഫെല്ലിംഗ് ജോലികൾ നിശ്ചിത സമയപരിധിക്കകം പൂർത്തീകരിക്കുവാൻ സാധിക്കാതെ വന്നുവെന്ന് അറിയിച്ചതിനാൽ കരാറുകാരന്റെ അപേക്ഷ പ്രകാരം 04.05.2017 മുതൽ 03.06.2017 വരെ ഒരു മാസത്തേയ്ക്ക് മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറും തുടർന്ന് ടി കാലാവധിയ്ക്കുള്ളിൽ ജോലി ആരംഭിക്കാത്തതിനാലും കരാറുകാരന്റെ അപേക്ഷ പരിഗണിച്ചും 04.06.2017 മുതൽ 02.08.2017 വരെ തൃശ്ശൂർ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററും വീണ്ടും ടി കാലാവധിയ്ക്കുള്ളിൽ ജോലി തുടങ്ങുവാൻ സാധിക്കാതെ വന്നതിനാലും വീണ്ടും കരാറുകാരൻ സമർപ്പിച്ച അപേക്ഷയും തൃശ്ശൂർ ചീഫ് ഫോറസ്റ്റ്

കൺസർവേറ്ററുടെ ശുപാർശ പരിഗണിച്ചും കരാർ വ്യവസ്ഥകൾക്കനുസൃതമായി കരാർ കാലാവധി 03.08.2017 മുതൽ 02.11.2017 വരെയും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (റീജിയണൽ നോർത്ത്) കോഴിക്കോട് ഉടമ്പടി വ്യവസ്ഥ 18 പ്രകാരം ദീർഘിപ്പിച്ച് ഉത്തരവ് നൽകുകയുണ്ടായി.

3) കാരക്കാട് ഏരിയായിൽ മോശമായ കാലാവസ്ഥ ആയതിനാൽ തേക്ക് (10.805 $m^3$) ഘനമരം (206.81$m^3$), ഈട്ടി (5.606 $m^3$), തേക്ക് വിറക് (40MT) എന്നിവ ഡംബിംഗ് ഡിപ്പോയിലേക്ക് എത്തിക്കാൻ കഴിഞ്ഞിട്ടില്ല എന്നും മേൽ പറഞ്ഞ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് രണ്ടു മാസത്തെ കാലാവധി നീട്ടി നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കരാറുകാരൻ 31.10.2017ന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതായും, ടിയാന്റെ അപേക്ഷ പരിഗണിക്കാവുന്നതാണെന്നും. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ((ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്)) ശുപാർശ ചെയ്തിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്)ന്റെ ശുപാർശ പരിഗണിച്ച് നിയമപ്രകാരമുള്ള കരാർ വ്യവസ്ഥകൾക്കനുസൃതമായി കരാറുകാരനായ ശ്രീ.ബേബി ജോസഫിൽ നിന്നും അവസാന പാദത്തിലെ നിരക്കിന്റെ ഇരട്ടി പിഴ ഈടാക്കുമെന്ന വ്യവസ്ഥയിൽ ഉത്തരവു തീയതി മുതൽ ഒരു മാസത്തേക്ക് (30 ദിവസം) കരാർ കാലാവധി ദീർഘിപ്പിച്ചു നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GIRIJA KUMARI G
DEPUTY SECRETARY

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റീജിയണൽ നോർത്ത്), കോഴിക്കോട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
✓വെബ് ആന്റ് ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
[signature]
സെക്ഷൻ ഓഫീസർ